പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 303 | 14.03.2017 ൽ മറുപടിയ്ക്ക്

# സേവനാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻനായർ<br>ശ്രീ.പി.കെ.ശശി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീമതി പി.അയിഷാ പോറ്റി | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽ വന്നത് എന്നു മുതലാണ്; കഴിഞ്ഞ സർക്കാർ പ്രസ്തുത നിയമം ഫലപ്രദമായി നടപ്പാക്കിയിരുന്നോ; വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് സേവനാവകാശ നിയമം 2012 നവംബർ 1-ാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരം ഓരോ വകുപ്പും, വകുപ്പ് മേധാവിയും, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിജ്ഞാപനം ചെയ്യുകയും സേവനാവകാശ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.<br><br>ഈ നിയമം 121 വകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടിയാണ് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ സർക്കാർ പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും നിശ്ചിത സമയത്തിനകം സേവനം ലഭ്യമായില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കൽ തുടങ്ങിയ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം, പൗരാവകാശരേഖ, പൗരന്മാരുമായുള്ള ആശയവിനിമയത്തിനുമുള്ള അവസരം എന്നിവ പോലുള്ള സവിശേഷതകൾ കൊണ്ടുവരുന്നതിനായി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി, നിയമം ഫലപ്രദമായും ജനസൗഹൃദപരമായും നടപ്പിലാക്കുന്നതിനായി വകുപ്പദ്ധ്യക്ഷന്മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും സംസ്ഥാനതല ശിൽപ്പശാല 15.12.2016 ൽ IMG യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണ്. |
| (സി) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും പൊതു ജനങ്ങളുടെ സേവനാവകാശ പ്രകാരമുള്ള അവകാശ സംരക്ഷണത്തിനുമായി നിലകൊള്ളുന്ന ഈ സർക്കാർ, ജീവനക്കാരിൽ ഒരു വിഭാഗം കാണിക്കുന്ന നിസ്സംഗത തടയുവാനും അത് തിരുത്താൻ തയ്യാറാകാത്തവരുടെ മേൽ ശിക്ഷാ നടപടി സ്വീകരിക്കാനും തയ്യാറാകുമോ? | (സി) സേവനം കൃത്യസമയത്ത് നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുന്നപക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽനിന്നും പിഴ ഈടാക്കുന്നതിനും അച്ചടക്കനടപടിക്ക് വിധേയമാക്കുന്നതിനും സേവനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം നടപടി ആവശ്യമുള്ള ഘട്ടത്തിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ